# പുതുവഴികൾ

 പൂങ്കനിക്ക് തോന്നി അവളുടെ കൊച്ചമ്മ ടെൻഷനിലാണെന്ന്. പക്ഷെ, അത് അവരുടെ സ്ഥായിയായ ഭാവമല്ല. പെട്ടന്ന് വികാരം കൊള്ളുകയോ, പ്രക്ഷുബ്ധമാവുകയോ ചെയ്യുന്ന മനസ്സല്ല അവർക്കെന്നും അവൾക്കറിയാം.

എല്ലാവരെയും സ്നേഹിക്കുന്ന തുറന്ന മനസ്സുള്ള ഒരു 'തങ്കമാന പൊണ്ണ്' പൂങ്കനിക്ക് കൊച്ചമ്മയെപ്പറ്റി അങ്ങിനയേ ചിന്തിക്കാൻ കഴിയുകയുള്ളൂ.

പക്ഷെ, എന്താണിപ്പോൾ?

പൂങ്കനി കൊച്ചമ്മയെന്നു വിളിക്കുന്ന സിസിലി കുരുവിള ജോസഫിനെ അവൾക്ക് കഴിഞ്ഞ പത്തു വർഷമായിട്ട് അറിയാം. അവളെ, അവളുടെ ചിറ്റപ്പന്റെ കൈയിൽ നിന്നും ആയിരത്തി അഞ്ഞൂറു രൂപ കൊടുത്തു വാങ്ങിയശേഷം. ഒരിക്കൽ, അവളുടെ പതിനഞ്ചാമത്തെ വയസ്സിൽ അമ്മയും ചിറ്റപ്പനും കൂടി തട്ടിക്കൊണ്ടു പോകാൻ നടത്തിയ ശ്രമത്തിനിടയിൽ ഒരു ദിവസം കാറിലും അടുത്ത ദിവസം വനിതാപോലീസുകാർക്കിടയിലും കഴിഞ്ഞതൊഴിച്ചാൽ സിസിലിയിൽ നിന്നും അകന്നു നിന്നിട്ടുള്ള ദിവസങ്ങൾ ഒരു കൈവിരലുകളിൽ ഒതുങ്ങും.

അതുകൊണ്ടാണ് പൂങ്കനിയെ സിസിലിയുടെ മകൾ റോസ്മരിയയും അടുത്ത ബന്ധുക്കളും അയൽപക്കത്തുള്ളവരും നിഴലെന്നു വിളിക്കുന്നതും.

അവൾക്കതിൽ സന്തോഷമേയുള്ളൂ. കാരണം പത്തു വയസ്സു മുതൽ പൂങ്കനിയെ സിസിലി മകളെ പോലെയാണ് വളർത്തിക്കൊണ്ടുവന്നത്. ഒരുപക്ഷെ, മകൾ റോസ് മരിയയേക്കാൾ ഗാഢമായിട്ട് ആ വീടിനെ പഠിപ്പിച്ചു കൊണ്ട്, ഗൃഹനാഥനെ, അമേരിക്കയിൽ പഠിക്കുന്ന മകനെ, മകൾ റോസ ്മരിയയെത്തന്നെ മനസ്സിലാക്കിച്ചുകൊണ്ട്....

രാവിലെ തീർക്കേണ്ടുന്ന പണികൾ കഴിഞ്ഞ്, സാറ് ഓഫീസിലേക്കും റോസ്മരിയ കോളേജിലേക്കും പോയിക്കഴിഞ്ഞ് പൂങ്കനി കൊച്ചമ്മയുടെ ബഡ്റൂമിലെത്തി.

അവിടെ സിസിലി ഒരു യാത്രക്ക് ഒരുങ്ങുകയായിരുന്നു.

“പൂങ്കനി റെഡിയാവ് നമുക്ക് ടൗണിൽ പോകണം.”

അതും അവളെ അത്ഭുതപ്പെടുത്തി. എവിടെ പോകണമെങ്കിലും വളരെ നേരത്തെതന്നെ ചട്ടം കെട്ടുകയും, അവൾ ഒരുങ്ങിയിറങ്ങിക്കഴിഞ്ഞാലും റെഡിയാകാത്ത കൊച്ചമ്മയെയും മാത്രമേ ഇതേവരെ അവൾ കണ്ടിട്ടുള്ളൂ.

അവൾ ഒരുങ്ങിയെത്തി വീട് പൂട്ടിക്കഴിയുമുമ്പുതന്നെ സിസിലി കാർ സ്റ്റാർട്ടാക്കി ധൃതികൂട്ടിക്കൊണ്ടിരുന്നു. യാത്രക്കിടയിൽ കാറിലെ മൂകത പൂങ്കനിയെ വല്ലാതെ വേദനിപ്പിച്ചുകൊണ്ടിരുന്നു. അവൾ കൊച്ചമ്മയുടെ കൈവിരലുകളുടെ വിറയലിനെ, മുഖത്തെമാംസളതയിൽ കിളിർക്കുന്ന വിയർപ്പുകണങ്ങളെ മാത്രം ശ്രദ്ധിച്ചുകൊണ്ടിരുന്നു.

നഗരത്തിലെ തിരക്കിലായിരുന്നില്ല അവരെത്തിയ ഇടം. പ്രധാന വീഥിയിൽ നിന്നും കുറെ ഉള്ളിലേക്ക് മാറിയ വാസസ്ഥലങ്ങൾക്കിടയിലെ ഇരുനില വീട്ടിലെ അപ്സ്റ്റെയറിലേക്ക് പടികൾ കയറുമ്പോൾ പൂങ്കനി ബോർഡ് ശ്രദ്ധിച്ചു.

‘നോവൽ എംപ്ളോയ്മെന്റ് ആന്റ് ഇൻവെസ്റ്റിഗേഷൻ സർവീസ്സസ്.’

പത്താമത്തെ വയസ്സിൽ വേലക്കാരിപ്പട്ടം കെട്ടിയെങ്കിലും സിസിലിയുടേയും റോസ്മരിയയുടേയും സാമിപ്യം അവൾക്ക് ഇംഗ്ലീഷ് ബോർഡുകൾ വായിക്കാനുള്ള ജ്ഞാനമൊക്കെ കൊടുത്തു. പക്ഷെ, വായിച്ചതിന്റെ പൂർണ്ണ അർത്ഥവും അവരുടെ സർവിസുകളും ഗ്രഹിക്കാനായില്ല.

വൃത്തിയുള്ള വിസിറ്റിംഗ് റൂമിൽ അവളെ ഇരുത്തിയിട്ടാണ് എൻക്വയറിയിലെ പെൺകുട്ടി സിസിലിയെ ഡയറക്ടറുടെ ക്യാബിനിലേക്ക് നയിച്ചത്. പെൺകുട്ടി തിരികെയെത്തി സ്വന്തം കസേരയിൽ അമർന്നിരുന്ന് മന്ദഹസിച്ചത് അവൾ ശ്രദ്ധിച്ചില്ല. ചില്ലുകളാൽ തീർത്ത ക്യാബനിലേക്ക് നോക്കിയിരുന്നു. അവൾക്ക് അവരുടെ സംസാരം കേൾക്കനാവില്ല. പക്ഷെ, സിസിലിയുടെ പ്രക്ഷുബ്ധമായ മുഖവും അംഗ ചലനങ്ങളും കാണാനാകുമായിരുന്നു.

അവളുടെ മനസ്സിൽ വല്ലാത്തൊരു പിടച്ചിൽ, എവിടയെല്ലാമോ താളങ്ങൾ പിഴച്ചിട്ടുള്ളതുപോലൊരു തോന്നൽ, വടവൃക്ഷത്തിന്റെ സുരക്ഷിതത്തിൽ നിന്നും അവൾ അകറ്റപ്പെട്ടുമൊയെന്നൊരു ഭീതി.....

വീണ്ടും ചിറ്റപ്പന്റെയുംഅമ്മയുടെയും കാൽക്കീഴിലേക്ക്, അല്ലെങ്കിൽ അനാഥയാക്കപ്പെട്ട് തെരുവിലേക്ക്........

അവൾക്കവിടെയിരുന്നാൽ അടുത്ത വീടിന്റെ ടെറസ്സിൽ അലൂമിനിയം ഷീറ്റിന്റെ മേൽക്കൂരക്കുതാഴെ തുണി കഴുകി ഉണങ്ങാനിടുന്നൊരു യുവതിയെ കാണാം. അശ്രദ്ധമായ അവരുടെ വസ്ത്ര ധാരണവും ശരീരാവയവങ്ങളുടെ പ്രദർശനവും അവൾക്കിപ്പോളൊരു കൗതുകമല്ല. സിസിലിയും റോസ്മരിയയും അങ്ങിനെയൊക്കെ നിൽക്കുമ്പോൾ അവൾ ശ്രദ്ധിച്ചിട്ടുണ്ട്, ആസ്വാദനക്കണ്ണുകളോടെ കണ്ടിട്ടുണ്ട്. അവളൊരിക്കലും അങ്ങിനെ അശ്രദ്ധയായിട്ടില്ല.സ്വന്തംവീടല്ലാത്തതു കൊണ്ടാണോ, അതോ.......

സിസിലിയെ വിസിറ്റിംഗ് റൂമിലിരുത്തി അവളെ ക്യാബിനിലേക്ക് ആനയിച്ചപ്പോൾ അവളാകെ അമ്പരന്നുപോയി. വല്ലാത്തൊരു ഭീതിയോടെ അവൾ സിസിലിയെ നോക്കി. പക്ഷെ, സിസിലി അവളെ ശ്രദ്ധിക്കാതെ അകലെയെവിടയോ നോക്കിയിരിക്കുകയായിരുന്നു.

ക്യാബിനിലെ പതുപതുത്ത കസേരയിൽ ഇരിക്കുമ്പോൾ സന്നി ബാധിച്ചതുപോലെ വിറപൂണ്ടു. തനിക്കുമുന്നിലെ ആ തടിച്ചു കൊഴുത്ത വലിയ മനുഷ്യനെ ഉൾക്കിടലത്തോടെ നോക്കിയിരുന്നു.

‘‘ഉനക്ക് മലയാളം തെരിയുമാ?’’

‘‘തെരിയും’’

‘‘കുരുവിള ജോസഫുമായിട്ട് നിനക്കെന്താണ് ബന്ധം?’’

‘‘സാർ‘‘

അയാൾ അവളുടെ സ്വരം, മുഖം ശ്രദ്ധിച്ചു. പക്ഷെ, അയാൾ പ്രതീക്ഷിച്ചതൊന്നും അവിടെയില്ലെന്നു കണ്ടപ്പോൾ നേർത്തൊരു പുഞ്ചിരി അവൾക്ക് നൽകി.

അയാൾ പറഞ്ഞു.

“ഒന്നുമില്ല, നീ പൊക്കോളൂ”

വീട്ടിൽ തിരിച്ചെത്തി ബഡ്സ് റൂമിൽ കയറി വാതിലടക്കാൻ ശ്രമിച്ചപ്പോൾ സിസിലിയെ വാതിൽക്കൽ തടഞ്ഞുനിർത്തി, പൂങ്കനി.

അവളുടെ കണ്ണുകൾ നിറഞ്ഞു വരികയും വിതുമ്പുകയും അടക്കാൻ കഴിയാതെ പൊട്ടിക്കരയുകയും ചെയ്തു.

സിസിലി അവളെ നെഞ്ചോടു ചേർത്തു നിർത്തി പതിഞ്ഞ സ്വരത്തിൽ പറഞ്ഞു.

“സാറ് എന്നെ വിട്ടു പോകുന്നു.ആരോ അദ്ദേഹത്തെ എന്നിൽ നിന്നും അകറ്റുന്നു, നീയാണോ അത്?”

അവൾ സിസിലിയുടെ കൈകൾക്കുള്ളിൽ നിന്നു തന്നെ അവരുടെ കണ്ണുകളിൽ സൂക്ഷിച്ചു നോക്കി. ഇതേ വരെ നടന്ന നാടകത്തിന്റെ പൊരുൾ ഇപ്പോളാണവൾക്ക് ഗ്രഹിക്കാനായത്. അവളുടെ കണ്ണീർ നിലച്ചു, മുഖത്തെ അങ്കലാപ്പു മാറി.

“ഇല്ലമ്മാ.... സത്യം”

സിസിലിക്കും അതു വിശ്വസിക്കാമെന്നാണ് തോന്നിയത്.

“നമ്മളെന്തിനമ്മ അവിടെ പോയത്?”

“അതാരാണെന്ന് എനിക്കറിയണം. അവർ രഹസ്യങ്ങൾ അന്വേഷിക്കുന്നവരാണ്, പ്രൈവറ്റ് ഇൻവെസ്റ്റിഗേറ്റേഴ്സ്”

നാലുനാളുകൾക്കു ശേഷം നോവൽ സർവീസ്സസിലെ രണ്ടു സ്ത്രീകൾ സിസിലിയുടെ വീട്ടിലെത്തി.

അവരുടെ കണ്ണുകൾക്ക് വല്ലാത്തൊരു ശക്ക്തിയുണ്ടെന്ന് പൂങ്കനിക്ക് തോന്നി, അവർ എല്ലാറ്റിനേയും സൂക്ഷ്മതയോടെ, സംശയത്തോടെയാണ് നോക്കുന്നത്.

പൂങ്കനിയോട് അവർ, അടുക്കളയിൽ പാത്രം കഴുകിക്കൊണ്ടിരിക്കുമ്പോൾ സംസാരിച്ചു. നാട്ടുകാര്യങ്ങളും വീട്ടുകാര്യങ്ങളും സാറിനെക്കുറിച്ചും കൊച്ചമ്മയെക്കുറിച്ചും മക്കളെക്കുറിച്ചും സെക്സിനെക്കുറിച്ചും നാലഞ്ച് ഉള്ളിൽ തട്ടുന്ന ചോദ്യങ്ങളും ചോദിച്ചു.

''പൂങ്കനിക്ക് ഇപ്പോൾ എത്ര വയസ്സായി?''

''ഇരുപത്''

''പത്തു വയസ്സുമുതൽ നല്ല ഭക്ഷണവും വസ്ര്തങ്ങളും തരുന്നത് സിസിലിമാഡമല്ലേ?''

''അതെ''

''സിസിലി മാഡത്തിനോട് എന്തുതരം സ്നേഹമാണ് തോന്നുന്നത്?''

''അമ്മയോടുള്ള സ്നേഹം''

''ഇവിടത്തെ സാറിനോടോ?''

''എനിക്ക്....... എനിക്ക്...''

''കമോൺ പൂങ്കനി മടിക്കാതെ പറഞ്ഞോളൂ. സിസിലി മാഡം നിനക്കൊരു നല്ല ജീവിതം ഉണ്ടാക്കിത്തരുമെന്ന് തോന്നുന്നുണ്ടോ.... നല്ലൊരു പയ്യനെ കണ്ടെത്തി വിവാഹം ചെയ്തു തരുമെന്നൊക്കെ...''

''ഉണ്ട്''

''പിന്നെന്തിന് സാറിനെ........?''

''അമ്മാ....!.''

പൂങ്കനി പാത്രങ്ങളെ തള്ളിത്താഴെയിട്ട് സ്റ്റോർ മുറിയിലെ അലമാരക്കും ഭിത്തിക്കും ഇടയിലുള്ള ചെറിയ ഇടത്ത് ചുരുണ്ടു കൂടിയിരുന്നു തേങ്ങിക്കരഞ്ഞു.

ബഡ്സ് റൂമിൽ വച്ച് അവർ സിസിലിയോട് സംസാരിച്ചു.

''മാഡത്തിന് അങ്ങിനെ തോന്നാൻ എന്തൊക്കെയാണ് കാരണങ്ങൾ?''

“പെരുമാറ്റം, സംസാരം”

“ബഡ്ജിൽ?”

“ഒഴിവാക്കല്”

“മേഡത്തിന് ഈയിടെയായിട്ടെന്തെങ്കിലും മാറ്റങ്ങളുണ്ടായിട്ടുണ്ടോ...അസുഖങ്ങളോ, മാനസ്സീകക്ഷീണം കൊണ്ടോമറ്റോ..........?”

“ഇല്ല”

“അദ്ദോഹം നടത്തി വരുന്ന ബിസിനസ്സിലെന്തെങ്കിലും പ്രോബ്ലങ്ങൾ?”

“ഇല്ല, എനിക്കറിയില്ല”

“അദ്ദേഹം അടുത്തിട പഴകുന്ന മറ്റ് സ്ത്രീകളെ കുറിച്ചെന്തെങ്കിലും അറിയുമോ.....?”

“എനിക്കറിയില്ല”

“അദ്ദേഹം ലോട്ടസ് ക്ലബ്ബിൽ  മെമ്പറാണെന്നല്ലെ പറഞ്ഞത്?”

“അതെ”

“ക്ലബ്ബ് മീറ്റിംഗുകളിൽ മേഡം പോകാറില്ലേ?”

“ഉണ്ട്”

“സംശയാസ്പദമായിട്ട്?”

“ഒന്നും കണ്ടിട്ടില്ല”

തുടർന്നുള്ള ദിവസങ്ങളിൽ നോവൽ സർവീസ്സസിന്റെ അന്വേഷണങ്ങൾ ഗോപ്യമായിത്തീർന്നു. സിസിലിയെ പിൻതുടർന്നുകൊണ്ടും കുരുവിള ജോസഫിനെ അനുഗമിച്ചുകൊണ്ടും നിജസ്ഥിതിയിലേക്കെത്താൻ ശ്രമിച്ചുകൊണ്ടിരുന്നു.

കുരുവിള ജോസഫിന്റേത് ഒരു ഫിനാൻഷ്യൽ സ്ഥാപനമാണ്,

കേരളത്തിലെ വ്യവാസ നഗരത്തിൽ കേന്ദ്ര ഓഫീസും പ്രധാനപ്പെട്ട മറ്റ് എട്ടു നഗരങ്ങളിൽ ബ്രാഞ്ചുകളുമായിട്ട ്പന്തലിച്ച ഒരു വൃക്ഷം പോലെ. സ്വർണ്ണം പണയമെടുത്തുകൊണ്ടായിരുന്നു അതിന്റെ തുടക്കം. പിന്നീട് ഹയർ പർച്ചേസ്സിലേക്കും ഷെയർ മാർക്കറ്റിംഗിലേക്കും വളർന്നു. വളർന്നപ്പോൾ സ്ഥാപനം പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയായി. കുരുവിള ജോസഫ് എന്ന അതിന്റെ എം ഡിയുടെ കീഴിൽ നൂറോളം സ്ഥിരം ജീവനക്കാർ, കമ്മീഷൻ ഏജന്റുമാർ, ബ്രോക്കർമാർ.....

അതിലെവിടെയെങ്കിലും ആരെയും ആകർഷിക്കുന്ന ശാലീനയായൊരു സ്ത്രീ.......

അല്ലെങ്കിൽ മാദക വശ്യയായൊരു മോഹിനി......

നോവൽ സർവീസ്സസിന് ഒരു മാസം കഴിഞ്ഞിട്ടും ഒന്നും കണ്ടെത്താൻ കഴിഞ്ഞില്ല.

കുരുവിള ജോസഫ് തന്റെ ഔഫീസിലെ ഏസി ഔഫ്ചെയ്ത് പടിഞ്ഞാറോട്ടുള്ള ജനൽ തുറന്നിട്ടപ്പോൾ കൊച്ചിക്കായലിൽ നിന്നും തണുത്ത കാറ്റ് പറന്നെത്തി. കാറ്റിൽ ഇടക്കിടക്ക് കടലിന്റെ മണവുമെത്തിയിരുന്നു.

ബോൾഹാട്ടിയിലെ സിമന്റ് ബെഞ്ചിലിരുന്നു നോവൽ സർവീസ്സസിന്റെ ഒരു ഏജന്റ് ബൈനോക്കുലറിൽ അയാളെ കാണുന്നുണ്ട്.

ഒരു തുരുമ്പിനു വേണ്ടി.....

ഒരു കരുവിനു വേണ്ടി......

അയാൾ പിന്നാലെ കൂടിയിട്ട് രണ്ടാഴ്ചയാണ് കഴിഞ്ഞിരിക്കുന്നത്.

പെട്ടന്നയാളുടെ ചുണ്ടുകൾ മർമ്മരം ചെയ്തു.

വൈനോട്ട് മോബൈൽ?

അപ്പോൾ കുരുവിള ജോസഫ് തന്റെ മോബൈൽ ചെവിയോട് ചേർത്തു വക്കുകയായിരുന്നു.

കുരുവിള ജോസഫിന്റെ മോബൈലിൽ വന്നതും പോയതുമായ മൂന്നു മാസത്തെ കോളുകളാണ് അവർ അന്വേഷണത്തിന് വിധേയമാക്കിയത്.

ഒന്നൊഴിച്ച് മറ്റെല്ലാ നമ്പറുകളും വളരെയേറെ പ്രാവശ്യം റീഡുചെയ്തിരിക്കുന്നു. അവയെല്ലാം തന്നെ അയാളുടെ ജീവനക്കാരുടെ, ഏജന്റുമാരുടെ അല്ലെങ്കിൽ ബ്രോക്കർമാരുടെ നമ്പറുകളാണ്. പക്ഷെ, ആ ഒരു നമ്പർ.....

ആ ഒരു നമ്പറിൽ ഇക്കഴിഞ്ഞ മൂന്നുമാസത്തിനുള്ളിൽ ഒരു പ്രാവശ്യമാണ് ബന്ധപ്പെട്ടിട്ടുള്ളത്. അതും ഇൻകമിംഗ്.

ആ ഒരു നമ്പറിന്റ വിലാസം നഗരത്തിലെ ഒരു ഹൗസിംഗ് കോളനിയിലെ മനോഹരമായ ഒരു വീടിന്റേതാണ്. നോവൽ സർവീസ്സസിന്റെ ഏജന്റ് ആ വീടിന്റെ മുന്നിലെ ചെറിയ ബോർഡിൽ ആകാംക്ഷയോടെ വളരെ നേരം നോക്കിനിന്നു, റോമിയൊ മാത്യുവെന്ന എൽ ഐ സി ഡെവലപ്പ്മെന്റ്ഓഫീസറുടെ......

പക്ഷെ, മോബൈൽ ഉടമ ജൂലി റോമിയൊ ആണ്, റോമിയോയുടെ ഭാര്യ.

നോവൽ സർവീസ്സസിലെ രേഷ്മ ഒരു എൽ ഐ സി ഏജന്റ് ആകാനുള്ള മാർഗ്ഗങ്ങളാരാഞ്ഞാണ് റോമിയോയുടെ ഓഫീസിലെത്തിയത്.

വിശാലവും മനോഹരവും വശ്യവുമായ ഓഫീസിൽ അസാധാരണമായ തിരക്കായിരുന്നു, അവിടന്നു വിരിയുന്ന കോടിപതികളെയും ലക്ഷപതികളെയും കൊണ്ട്.

റോമിയോയുടെ ക്യാബിനിൽ തണുത്ത കുഷ്യനിൽ ഇരുന്നപ്പോൾ രേഷ്മക്ക് കുളിരു തോന്നി. റോമിയൊ പൂശിയിരുന്ന തൈലത്തിന്റെ മണം മുറിയിൽ നിറഞ്ഞിരിക്കുന്നു. ക്രീം ഷർട്ട് ഇൻസേർട്ട് ചെയ്തു മെറൂൺ ടൈ കെട്ടി കറുത്ത പാന്റ്സിൽ, പോളീഷ് ചെയ്തു തിളങ്ങുന്ന ഷൂസിൽ അയാൾ അസാധാരണമായൊരു ചിരിയാൽ അവളെ വശീകരിച്ചു.

ആ ചിരിയിൽ എൽ ഐ സിയിലെ ഒരു ഡെവലപ്പ്മെന്റ് ഓഫീസർക്ക് ഏജന്റായി ചേരാനെത്തിയിരിക്കുന്നൊരു പുതുവ്യക്തതിയോടു തോന്നുന്ന വികാരമല്ലെന്ന് രേഷ്മ അറിഞ്ഞു. ലേശം ചഞ്ചലിച്ചുപോയ

അവൾ അയാളുടെ മധുരതരമായ ശബ്ദം കേട്ട് ഉള്ളാലെ ഒന്നു നടുങ്ങിപ്പോയി.

‘‘രേഷ്മ യൂ ആർ വെരി ബ്യൂട്ടി ആന്റ് സ്വീറ്റി.... നിങ്ങൾക്ക് മുന്നിൽ വിശാലമായൊരു ലോകം തന്നെയുണ്ട്, തുറക്കപ്പെടാനായിട്ട്.... പക്ഷെ, ഒരു മലയോളം സ്വപ്നം വേണമെന്ന് മാത്രം. നിങ്ങൾക്കറിയുമോ ഞാനിപ്പോൾ ഉപയോഗിക്കുന്നത് ഒരു കടും മഞ്ഞ വാഗ്നർ കാറാണ്, അത് അടുത്ത ആഴ്ചയിൽ ഒരു ചുവന്ന കൊറോള ആക്കണമെന്നാണ് എന്റെ മോഹം. അതേപോലെ ബൃഹത്തായ ആഗ്രഹങ്ങൾ മനസ്സിൽ വിരിയണം.... ആഗ്രഹ നിവർത്തിക്കായി മനസ്സും ശരീരവും ഒത്തൊരുമിച്ച് ശ്രമിക്കണം. ഇപ്പോൾ രേഷ്മ നല്ലൊരു തീരുമാനത്തിലെത്തിയിരിക്കുകയാണെന്ന് ഞാൻ പറയും. എനിക്ക് നിങ്ങളെ സഹായിക്കാൻ കഴിയും. നല്ലൊരു പെൺകുട്ടിയായി, യുവതിയായി നിങ്ങളെ എത്തിക്കാൻ എനിക്ക് കഴിയും.’’

‘‘താങ്കയൂ സാർ‘‘

‘‘എനിക്ക് അതിനുവേണ്ട ഫോഴ്സുണ്ട്, സ്റ്റെബിലിറ്റിയുണ്ട്, ഞങ്ങൾ ട്രയിനിംഗുകൾ കൊടുക്കുന്നുണ്ട്.  എന്റെ മിസ്സിസ്, ജൂലിയുടെ മനോഹരമായ സ്പോക്കൻ ഇംഗ്ലീഷ് ക്ലാസ്സ്, കൂടാതെ എന്തു സഹായം വേണമെങ്കിലും ചെയ്തുതരും.... കസ്റ്റമറെ കാണാൻ..... മറ്റ് ഫംഗ്ഷൻസ് കംപ്ലീറ്റാക്കാൻ........’’

അയാളുടെ കൈകൾ നീണ്ടു, നീണ്ടു വന്നു, മേശമേൽ നിർവ്വികാരമായിരുന്ന അവളുടെ വിരലുകളെ സ്പർശിച്ചു കൊണ്ട് അയാൾ പറഞ്ഞു.

‘‘കൺഗ്രാജുലേഷൻസ്.... യൂ ആർ ഇൻ റൈറ്റ് വെ.... വെരി, വെരി കൺഗ്രാജുലേഷൻസ്.....’’

രേഷ്മ ഒന്നമ്പരന്നെങ്കിലും കൈകളെ പിൻ വലിച്ചില്ല. അവൾക്കറിയേണ്ടത് അയാളുടെ സ്പർശനത്തിൽ അഹിതമായെന്തിങ്കിലും ഉണ്ടോ എന്നായിരുന്നു. അവൾ അയാളുടെ കണ്ണുകളിൽ നോക്കി.

കണ്ണടക്കു മറവിലെ ആ കണ്ണുകളിൽ എന്തോ ഒന്നില്ലേ.....

മന്ദസ്മിതമാർന്ന ആ തടിച്ച ചുണ്ടുകളിൽ എന്തോ ഒന്നില്ലേ......

യേസ്സ്!

അവളുടെ മനം തുള്ളിച്ചാടി.

അയാൾ കൈകളെ പിൻവലിച്ച് ഇന്റർകോം വഴി ജൂലിയെ വിളിച്ചു.

രേഷ്മ പ്രതീക്ഷിച്ചിരുന്ന ആ സമയം അടുത്തു വരികയാണ്.

ജൂലി മുറിയിലേക്ക് വാതിൽ തുറന്ന് കടന്നു വരുന്നു.

ഇളം മഞ്ഞ പട്ടുസാരിയിലെ ഒരു ശാലീന സുന്ദരി.

രേഷ്മയുടെ മനസ്സ് മന്ത്രിക്കുകയാണ്.

യേസ്സ്... ഇവിടെയാണ്.....!

ഇവിടെത്തന്നെയാണ് കുരുവിള ജോസഫിന്റെ മനസ്സുടക്കിയത്.

ഇനി അറിയേണ്ടത് അവരുടെ അടുപ്പത്തിന്റെ ആഴവും, പരപ്പുമാണ്.

രേഷ്മയുടെ മനസ്സുറച്ചു.

ജൂലി പുതുവഴികൾ തേടുന്നെങ്കിൽ കാരണം റോമിയൊ മാത്യു തന്നെയാണ് അയാളുടെ മനസ്സും ശരീരവും വഴിവിട്ട് യാത്ര ചെയ്യുന്നതാണ്. അല്ലെങ്കിൽ ആദ്യദർശനത്തിൽ തന്നെ തന്നോട് അങ്ങിനെയൊരു ഇടപെടൽ ഉണ്ടാകില്ല. റോമിയോയുടെ യാത്രകൾ ജൂലിക്ക് അറിയുകയും ചെയ്യാമായിരിക്കാം. അവളുടെ നിയന്ത്രണത്തിന്റെ പരിധികളെ അതിജീവിച്ചിട്ടുമുണ്ടാകാം.

അതുകൊണ്ട്,

അതുകൊണ്ട് മാത്രം ജൂലി പുതുവഴികൾ തേടണമെന്നില്ല. അതിൽ പ്രകൃതിയെക്കൂടി കുറ്റം പറയേണ്ടതാകാം.

രേഷ്മ, ജൂലിയോടൊപ്പം നടന്ന ട്രെയിനിംഗ് പ്രോഗ്രാമുകൾക്കും സ്റ്റഡി ക്ലാസ്സുകൾക്കും, മനസ്സിലാഗ്രഹിച്ചതുപോലെ ഒന്നും നടക്കാതെ നാളുകളോളം.

ഒടുവിൽ അവൾക്കുമൊരു സുദിനം കിട്ടി. അന്നവൾ, അന്നാദ്യമായി, ജൂലിയോടൊപ്പമാണ് റോമിയോയുടെ ഓഫീസിൽ നിന്നും പുറത്തിറങ്ങിയത്. ഒരു പക്ഷെ, ഇങ്ങിനയുള്ള സാഹചര്യം ജൂലി മനപ്പൂർവ്വം ഒഴിവാക്കിയിരുന്നതാകാം, രേഷ്മയിൽ നിന്നു മാത്രമാകണമെന്നില്ല.

നീണ്ട ഇടനാഴിയിലൂടെ അവർ നടന്നു. ഇടനാഴിയിലേക്കിറങ്ങുന്ന മറ്റ് സ്ഥാപനങ്ങളും അടച്ച് ആളുകൾ പോയി കഴിഞ്ഞിരുന്നു. ഇടനാഴിയിൽ അവർ രണ്ടു പേർ മാത്രം.

അടുത്ത നിമിഷം എതിർ വശത്തുനിന്നും ഒരാൾ, അയാളുടെ ഷൂസ് ഉയർത്തുന്ന ശബ്ദം.

ലിഫ്റ്റിന്റെ വാതിൽക്കൽ അവരൊന്നിച്ചാണെത്തിയത്. രേഷ്മ അയാളെ കണ്ടു.

-കുരുവിള ജോസഫ്.

അവരുടെ മുഖങ്ങൾ അവൾ ശ്രദ്ധിച്ചു കൊണ്ടിരുന്നു ലിഫ്റ്റിൽ വച്ചും.

-യേസ്സ്, അവർ സ്ഥിരം കണ്ടുമുട്ടുന്നിടം ഈ ലിഫ്റ്റാണ്. ആ കെട്ടിടത്തിന്റെ ഒരു തലക്കൽ റോമിയോയുടെ ഓഫീസും മറു തലക്കൽ കുരുവിളയുടെ ഓഫീസും ആയിരിക്കെ.

രേഷ്മയുടെ കണ്ണുകളിലൂടെ, വാക്കുകളിലൂടെ നോവൽ സർവീസ്സസിന്റെ ഡയറക്ടർ റിട്ടയേർഡ് മേജർ നായരും അവരെ കണ്ടുകൊണ്ടിരുന്നു.

പിന്നീടു വന്ന, മാസത്തിലെ രണ്ടാമത്തെ ബുധനാഴ്ച ബ്ലൂ ഡയമൺഡ് റെസ്റ്റോറന്റിൽ നടന്ന ലോട്ടസ് ക്ലബ്ബിന്റെ ഡിന്നർ മീറ്റിംഗിലും നോവൽ സർവീസ്സസിന്റെ കണ്ണുകൾ തുറന്നിരുന്നു.

ബ്ലൂ ഡയമൺഡ് റെസ്റ്റോറന്റിന്റെ പുൽത്തകിടിയിൽ ഒരുക്കിയിരിക്കുന്ന സൽക്കാരം.......

ശുദ്ധമായ മാനത്ത് നക്ഷത്രങ്ങൾ മിന്നി നില്ക്കുന്നു, ചന്ദ്രൻ അർദ്ധനായും.

മിന്നാമിനുങ്ങുകളെപ്പോലെ മിന്നുന്ന ബൾബുകളാൽ അലങ്കരിക്കപ്പെട്ടിട്ടുണ്ട് പുൽത്തകിടിയിലെ കുഞ്ഞു വൃക്ഷങ്ങൾ....

അങ്ങിനെയുള്ളൊരു കുഞ്ഞുവൃക്ഷത്തിന്റെ മറവിൽ അവർ കണ്ടുമുട്ടി, കുരുവിളയും ജൂലിയും.

ആ മീറ്റിംഗ് നോവൽ സർവീസ്സസിന്റെ കണ്ണുകൾ മാത്രമല്ല, ഏജന്റിന്റെ കൈവശമിരുന്ന ക്യാമറയുടെ കണ്ണുകളും കണ്ടു.

പിറ്റേന്ന് നോവൽ സർവീസ്സസന്റെ ഡയറക്ടർ റിട്ടയേർഡ് കേണൽ നായർ കുരുവിള ജോസഫിന്റെ മോബൈലിലേക്ക് ഒരു കോൾ ചെയ്തു.

''ഗുഡ്മോർണിംഗ് മിസ്റ്റർ കുരുവിള ജോസഫ് ഞാൻ റിട്ടയേർഡ് കേണൽ നായർ നോവൽ സർവീസ്സസിൽ നിന്നും വിളിക്കുന്നു, നമുക്ക് നാളെ രാവിലെ 10.30-ന് ബ്ലൂ ഡയമൺഡ് റെസ്റ്റോറന്റിൽ സൗത്ത് ലോണിൽ ടേബിൾ നമ്പർ പതിനഞ്ചിൽ കണ്ടുമുട്ടണം''

കുരുവിള ജോസഫിന് ലേശം ദേഷ്യം വന്നു.

''ഫോർ വാട്ട്?''

''കൂൾ ഡൗൺ മിസ്റ്റർ കുരുവിള. ഇറ്റ് ഈസ് സ്റ്റ്രിക്റ്റിലി കോൺഫിഡൻഷ്യൽ, പ്ലീസ് കം''

ജൂലി ഫോണിന് അമ്പരപ്പിലുള്ള മറുപടിയാണ് കൊടുത്തത്. വല്ലാത്തൊരു ഭീതി അവളെ വലയം ചെയ്തു തുടങ്ങിയെന്ന് നായർക്ക് തോന്നി.

കൃത്യം 10.30-ന് തന്നെ നായർ ബ്ലൂ ഡയമൺഡിലെത്തി. അവർ യഥാസ്ഥാനത്ത് കാത്തിരിപ്പുണ്ടായിരുന്നു. ടേബിളിൽ കുരുവിളയും ജൂലിയും അഭിമുഖമായിട്ടാണ് ഇരുന്നത്.

''സോറി മിസ്റ്റർ കുരുവിള ആന്റ് മിസ്സിസ് ജൂലി.''

''ഏസ് കമോൺ വാട്ടീസ് ദ പ്രോബ്ലം?''

കുരുവിള ഐസ് പോലെ മരവിച്ചിരിക്കുകയാണെന്ന് നായർക്കു തോന്നി. ജൂലി മുഖമുയർത്തിയില്ല.

''നിങ്ങൾക്കെന്നെ അറിയുമല്ലൊ, സ്ഥാപനം, സർവീസ്സസ്.......''

''ഏസ്സ്''

''ദെൻ ഐ ആം കമിംഗ് ദ പോയന്റ് ഓക്കെ?''

''ഏസ്സ്''

“നോവൽ സർവീസ്സസിന് ഒരു പരാതികിട്ടി, മിസ്സിസ് കുരുവിള ജോസഫിന്റേതാണ്. താങ്കൾ ഭാര്യയിൽ നിന്നും അകന്നു പോകുന്നെന്നും, അതിന്റെ കാരണം കണ്ടെത്തണമെന്നും. ഞങ്ങളുടെ അന്വേഷണത്തിൽ പരാതി ശരിയാണെന്ന് തോന്നി”

“ബട്ട്.... അത് ഒരു തോന്നൽ മാത്രമാണെന്നാണ് എനിക്ക് പറയാനുള്ളത്”

“സീ, മിസ്റ്റർ കുരുവിള നിങ്ങളുടെ ആർഗ്ഗുമെന്റുകളെന്താണെങ്കിലും നിങ്ങൾ തമ്മിൽ ഇല്ലീഗലായിട്ട് സംതിംഗ് ഉണ്ടെന്ന് ഞങ്ങൾ കണ്ടെത്തിയിരിക്കുന്നു.”

ലോട്ടസ ്ക്ലബ്ബിന്റെ കഴിഞ്ഞ ഡിന്നർ മീറ്റിംഗിലും ഈ ടേബിളിൽ വച്ചാണ് അവർ സംസാരിച്ചത്. ഒരു പക്ഷെ, എല്ലാ മീറ്റിംഗുകളിലും ഇവിടമാകാം സംഗമസ്ഥാനം. ഇനി ഒരു പക്ഷെ, ആദ്യമായി കണ്ടുമുട്ടിയതും ആകർഷിക്കപ്പെട്ടതും ഇവിടെ വച്ചാകാം.

നായർ അവരെപ്പറ്റി അങ്ങിനെയാണ് ചിന്തിച്ചത്.

ഇപ്പോൾ കൈവിട്ടു നില്കുന്ന പ്രതിസന്ധിയെ എങ്ങിനെ അതിജീവിക്കാമെന്നാണ് അവർ രണ്ടു പേരും ചിന്തിച്ചത്.

കേണൽ നായർ വീണ്ടും പറഞ്ഞു.

“ഐ നോ ഇറ്റ്സ് ക്വയറ്റ് നാച്വറൽ. പ്രകൃതിയിൽ സംഭവ്യമാണ്. തികച്ചും യാദൃശ്ചികമായിട്ട്, അറിയാതെ പരസ്പരം ആകർഷിക്കപ്പെട്ടതാകാം..... നിങ്ങളുടെ രണ്ടു പേരുടേയും ഭാഗത്തുനിന്നും യാതൊരു മുൻനീക്കങ്ങളുമില്ലാതെ വളർന്നതുമാകാം....”

പെട്ടന്ന് റെസ്റ്റോറന്റിലേക്ക് കയറി വന്ന നാലഞ്ച് ആൺകുട്ടികളും പെൺകുട്ടികളും, അവരുടെ നിയന്ത്രണമില്ലാത്ത സംസാരങ്ങളും ശബ്ദങ്ങളും അവരെ വിമ്മിട്ടപ്പെടുത്തുന്നു, കൂടുതലായി. അവരുടെ ദേഹങ്ങൾ വിയർക്കുന്നു. മുഖത്ത് വിയർപ്പു കണങ്ങൾ പൊടിയുന്നുണ്ടെന്നും നായർ അറിയുന്നു. അവരുടെ അവസ്ഥക്ക് പെട്ടന്നു മാറ്റം വരണമെന്ന് അയാൾ ആഗ്രഹിച്ചു.

“എനിവെ, നിങ്ങൾ വീടുകളിൽ, പ്രവർത്തികളിൽ യാന്ത്രികരായി, സ്വപ്നാടകരായി. അത് മിസ്സിസ് കുരുവിള തിരിച്ചറിഞ്ഞിരിക്കുന്നു. ഒരു പക്ഷെ,

ജോലിത്തിരക്കുകൊണ്ടാകാം മിസ്റ്റർ റോമിയൊ അറിഞ്ഞിട്ടില്ല. എന്നാൽ ഇതു തുടർന്നാൽ നിങ്ങളുടെ രണ്ടു പേരുടേയും ജീവിതങ്ങൾ തകരാം. ഭാവിയെ, ബിസിനസ്സുകളെ ബാധിക്കാം.''

ട്യൂഷൻ മാസ്റ്ററുടെ മുന്നിലെ കുട്ടികളായിമാറിയിരിക്കുന്നു,അവർ.

''നിങ്ങളെ എനിക്ക് സഹായിക്കാനാകും. ഇപ്പോൾ, ഇവിടെ വച്ച് ഈ ബന്ധം അവസാനിപ്പിക്കുമെങ്കിൽ....''

കുരുവിളയുടെ, ജൂലിയുടെ കണ്ണുകൾ ഇടയുന്നത് നായർക്കു കാണാം. ആ കണ്ണുകൾ വഴി, മുഖത്ത് പ്രതിഫലിക്കുന്ന ഭാവങ്ങൾ വഴി തകരുന്ന രണ്ടു മനസ്സുകളെ കാണാം.

നായർ ഓർഡർ കൊടുത്തെത്തിയ രണ്ട് കപ്പ് ചായ അവർക്ക് മുന്നിലേക്ക് നീക്കിവച്ചു, അയാൾ.

''നിങ്ങൾ റിയൽ ലൈഫിലേക്ക് തിരിച്ചു വരുമെങ്കിൽ....... സിസിലിയുടെ സംശയം വെറും തോന്നലാണെന്ന് എനിക്ക് സ്ഥാപിക്കാനാകും....''

അല്പം, അധികമായിട്ടുതന്നെ ചൂടുണ്ടായിരുന്ന ചായ അവർ മെല്ലെ മൊത്തിക്കുടിച്ചു.

''എസ്സ്, സാർ!''

അത് രണ്ട് സ്വരങ്ങളായിരുന്നു, കുരുവിളയുടെയും ജൂലിയുടെയും.

അവർ ടേബിൾ വിട്ടെഴുന്നേറ്റു, ആദ്യമായി പരസ്പരവും പിന്നീട് നായരോടും യാത്ര പറഞ്ഞ് ഇരുവഴികളിലൂടെ നടന്നകന്നു.

നോവൽ സർവീസ്സസിന്റെ വിജയപ്രദമായൊരു ദൗത്യമെന്ന നിലയിൽ റിട്ടയേർഡ് മേജർ നായർ സന്തോഷിക്കേണ്ടതായിരുന്നു. പക്ഷെ, അയാളുടെ മനസ്സിൽ ഒരു വിങ്ങൽ തോന്നുകയാണിപ്പോൾ.

@@@@@@@